**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

# വിജ്ഞാപനം

# കീം 2022

## ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ

## പുതുതായി അപേക്ഷ സമർപ്പിക്കുന്നതിനും കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുമുള്ള അവസരം

സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് 2022-23 അധ്യയന വർഷത്തെ പ്രവേശനത്തിനായി നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് ആർക്കിടെക്ചർ (ബി.ആർക്ക്), മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ (എം.ബി.ബി.എസ്, ബി.ഡി.എസ് ഉൾപ്പെടെ) എന്നിവയിലേക്ക് പ്രവേശനത്തിനായി പുതുതായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

കീം 2022 മുഖേന എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഇതിനോടകം ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം ആർക്കിടെക്ചർ , മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവ പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും അവസരം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നേരത്തെ സമർപ്പിച്ച അപേക്ഷയിൽ ഫാർമസി (ബി.ഫാം) കോഴ്സ് തിരഞ്ഞെടുക്കാൻ വിട്ടുപോവുകുകയും എന്നാൽ 2022 ലെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ 1 എഴുതുകയും ചെയ്ത വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള പക്ഷം ഫാർമസി കോഴ്സ് , പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും അവസരം ലഭ്യമാക്കിയിട്ടുണ്ട്.

കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തിയ NATA പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയവർക്ക് ആർക്കിടെക്ചർ (ബി.ആർക്ക്) കോഴ്സിനും, NTA നടത്തിയ നീറ്റ് യു.ജി 2022 പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടുന്നവർക്ക് മെഡിക്കൽ കോഴ്സിനും അപേക്ഷിക്കുന്നതാണ്. പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും, കീം 2022 ൽ ഇതിനോടകം അപേക്ഷിച്ചവർക്ക് കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും **22.07.2022 മുതൽ 26.07.2022 വൈകുന്നേരം 3.00 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും.

### പുതുതായി അപേക്ഷ സമർപ്പിക്കുന്നതിന്

(കീം 2022 മുഖേന നേരത്തെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് മാത്രം. നേരത്തെ അപേക്ഷിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷ സമർപ്പിച്ചാൽ പുതിയ അപേക്ഷ നിരസിക്കപ്പെടുന്നതാണ്. )

ഇപ്രകാരം അപേക്ഷ സമർപ്പിക്കുന്നവർക്ക് മെഡിക്കൽ, ആർക്കിടെക്ചർ കോഴ്സുകൾ ആവശ്യാനുസരണം തെരഞ്ഞെടുത്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതിനായി www.cee.kerala.gov.in എന്ന വെബ് സൈറ്റിലെ **'Keam 2022-New Application'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത്, രജിസ്ട്രേഷൻ നടത്തി പ്രോസ്പെക്ടസ് ക്ലോസ് 7.4 ൽ പ്രതിപാദിക്കുന്ന പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ചതിനുശേഷം ലഭിക്കുന്ന അക്നോളഡ്ജ്മെന്റ് പേജിന്റെ പ്രിന്റൗട്ട് അപേക്ഷകൾ സൂക്ഷിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ട് മറ്റ് രേഖകൾ എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ

ഓഫീസിലേക്ക് അയക്കേണ്ടതില്ല.

**<u>നേരത്തെ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ മെഡിക്കൽ , ആർക്കിടെക്ചർ, ഫാർമസി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന്</u>**

(കീം 2022 മുഖേന ഏതെങ്കിലും കോഴ്സുകൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഇതിനോടകം അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർക്ക് മാത്രം)

ഇതിനായി മേൽ വെബ്സൈറ്റിലെ **'Keam 2022-Candidate Portal'** എന്ന ലിങ്കിലൂടെ അപേക്ഷാ നമ്പറും, പാസ്‌വേഡും നൽകി വിദ്യാർത്ഥികൾ അവരുടെ ഹോം പേജിൽ പ്രവേശിക്കേണ്ടതാണ് . അതിനുശേഷം **'Add course'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് മെഡിക്കൽ, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകൾ ആവശ്യാനുസരണം കൂട്ടിച്ചേർക്കാവുന്നാണ്. ഇതിനായി പുതിയ അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല.

**<u>അപേക്ഷാ ഫീസ് ഒടുക്കേണ്ട വിധം.</u>**

പുതുതായി സമർപ്പിക്കുന്ന അപേക്ഷകർക്കുള്ള അപേക്ഷാ ഫീസ് ഓൺലൈനായോ അല്ലെങ്കിൽ അപേക്ഷാ സമർപ്പണ വേളയിൽ ലഭ്യമാകുന്ന ഇ -ചെലാൻ ഉപയോഗിച്ച് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഹെഡ് /സബ് പോസ്റ്റോഫീസുകളിൽ ഒടുക്കാവുന്നതാണ്. നേരത്തെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ കോഴ്സുകൾ കൂട്ടിച്ചേർക്കുന്ന അപേക്ഷകർ ബാക്കി ഫീസ് ഓൺലൈനായി മാത്രം അടയ്ക്കേണ്ടതാണ്.

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**

1. മുമ്പ് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'Add course' എന്ന ലിങ്കിലൂടെ ആവശ്യമുള്ള കോഴ്സുകൾ യോഗ്യതയ്ക്കനുസരിച്ച് നിലവിലെ അപേക്ഷയിൽ കൂട്ടിച്ചേർക്കാനേ പാടുള്ളൂ . ഇവർ യാതൊരു കാരണവശാലും പുതുതായി അപേക്ഷ സമർപ്പിക്കുവാൻ പാടില്ല. പ്രോസ്പെക്ടസ് വ്യവസ്ഥ പ്രകാരം ഒരു അപേക്ഷാർത്ഥി ഒരു അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ . ഒന്നിലേറെ അപേക്ഷകൾ ഓരാൾ സമർപ്പിക്കുന്നത് അപേക്ഷാർത്ഥിത്വം (candidature)റദ്ദാക്കുന്നതിന് കാരണമായേക്കാം.

2. പുതുതായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളിൽ സാമുദായിക സംവരണം (കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, കേരളത്തിലെ വിദ്യാഭ്യാസ ആവശ്യത്തിനുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്) സാമ്പത്തിക സംവരണാനുകൂല്യങ്ങൾ (വരുമാന സർട്ടിഫിക്കറ്റ്) പ്രത്യേക സംവരണം/ NRI ക്വാട്ട/EWS ക്വാട്ട (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരേണതര വിഭാഗക്കാർക്കുള്ള സീറ്റ് )എന്നിവ ആവശ്യമുള്ളവർ ആവശ്യമായ അനുബന്ധ രേഖകൾ എന്നിവ ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അനുബന്ധ രേഖകൾ സമർപ്പിക്കാൻ പിന്നീട് യാതൊരു കാരണവശാലും അവസരം ലഭിക്കുന്നതല്ല.

3. കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ (CoA) ന്റെ ഉത്തരവ് അനുസരിച്ച് ബി.ആർക്ക് കോഴ്സിലേക്ക് പ്രവേശനത്തിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത 2022-23 വർഷത്തേക്ക് കൂടി താഴെ പറയുന്ന പ്രകാരം നിലനിർത്തിയിട്ടുണ്ട്.

*കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവ നിർബന്ധിത വിഷയങ്ങളായി പഠിച്ച് 10+2 സ്കീമിലുള്ള പരീക്ഷ വിജയിക്കുകയോ അഥവാ 10+3 സ്കീമിലുള്ള ഡിപ്ലോമ പരീക്ഷയിൽ കണക്ക് നിർബന്ധിത വിഷയമായെടുത്ത് ജയിക്കുകയോ ചെയ്തവർ ആർക്കിടെക്ചർ കോഴ്സിന് അപേക്ഷിക്കാൻ അർഹരാണ്.*

പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും, പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും മുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള

2022–23 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് , ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകളും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും 06.04.2022 ലെ പ്രവേശനം സംബന്ധിച്ചുള്ള വിജ്ഞാപനവും അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.07.22 14:06:26 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**22/07/2022**